ങ്ങൾ അനുഭവിക്കുകയാണ്. വളരെ അടിയന്തിരമായി ഈ റോഡുകളുടെ പുനരുദ്ധാരണ നടപടികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇരട്ടക്കുളം-വാണിയമ്പാടി മുടപ്പല്ലൂർ-മംഗലം ഡാം കണ്ണമ്പ്ര-മണപ്പാടം കുണ്ടുകാട്-ചിറ്റഴി, കിഴക്കഞ്ചേരി-മൂലംകോട് എന്നീ റോഡുകൾ എല്ലാം തന്നെ ഈ അടുത്ത കാലത്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ റോഡിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കണ്ണമ്പ്ര മണപ്പാടം റോഡിന് 47 ലക്ഷം രൂപയ്ക്കും മുടപ്പല്ലൂർ-മംഗലം ഡാം റോഡിന് 50 ലക്ഷം രൂപയ്ക്കും കിഴക്കഞ്ചേരി-മൂലംകോട് റോഡിന് 27 ലക്ഷം രൂപയ്ക്കും ഇരട്ടക്കുളം-വാണിയമ്പാടി റോഡിന് 10 ലക്ഷം രൂപയ്ക്കും കുണ്ടുകാട്-ചിറ്റഴി റോഡിന് 10 ലക്ഷം രൂപയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് താമസിയാതെ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) സർവീസ് പെൻഷനേഴ്സ് യൂണിയൻ നടത്തുന്ന മാർച്ച്

ശ്രീ. എം. മുരളി : സർ, ഇന്ന് കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന പെൻഷൻകാർ അവരുടെ സംഘടനയായ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ, കഴിഞ്ഞ കാലങ്ങളിൽ ഗവൺമെന്റ് അവർക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാതിരുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേയ്ക്ക് പ്രതിഷേധ മാർച്ച് നടത്തുകയാണ്. സർ, കെ.എസ്.എസ്.പി. യു. മുന്നോട്ടുവച്ചിരിക്കുന്ന എല്ലാ ആവശ്യങ്ങളും സഭയിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പലപ്പോഴായി നിയമസഭയ്ക്കകത്ത് ധനകാര്യമന്ത്രി നൽകിയ ഉറപ്പുകളും ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും നിയമസഭയ്ക്ക് പുറത്തു നല്കിയ ഉറപ്പുകളും പാലിക്കാതിരുന്ന പ്രധാനമായ നാലു പ്രശ്നങ്ങളാണ് പ്രതിഷേധ മാർച്ചിന് കാരണമായത്. ഈ പ്രതിഷേധ മാർച്ചിൽ കെ. എസ്.എസ്.പി.യു. ഉന്നയിക്കുന്ന ആവശ്യം ഒരു മാസത്തെ പെൻഷനുതുല്യമായ തുക ഉത്സവബത്തയായി നൽകണമെന്നത് പെൻഷൻകാരുടെ ഏറ്റവും വലിയ ആവശ്യമായിരുന്നു. ജീവനക്കാർക്ക് ഉത്സവബത്ത ഒരു മാസത്തെ വേതനമാക്കിയപ്പോൾ തങ്ങൾക്കും അത് നൽകണമെന്ന ആവശ്യം 1999 ജൂലൈ 21-ാം തീയതി നിയമസഭയിൽ ഉന്നയിക്കുകയും പെൻഷൻകാരൻ കൂടിയായ ബഹു.ധനകാര്യവകുപ്പു മന്ത്രി ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. നിശ്ചിത ദിവസത്തെ പെൻഷനുതുല്യമായ തുക ഉത്സവബത്തയായി നല്കുമെന്ന് ബഹു.ധനകാര്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ഉത്സവകാലം കടന്നു പോയി, രണ്ട് ഓണക്കാലം കടന്നുപോയി. ആദ്യത്തെ ഓണക്കാലത്ത് പാർലമെന്റ് തെരഞ്ഞെടുപ്പാണ്, പെരുമാറ്റച്ചട്ടം കാരണം നടപ്പിലാക്കാൻ പറ്റുകയില്ല, എന്നു പറഞ്ഞ് ബഹു.മന്ത്രി ഒഴിഞ്ഞുമാറി. ഈ കഴിഞ്ഞ ഓണക്കാലത്ത് പഞ്ചായത്ത് തെരഞ്ഞെടുപ്പാണ് എന്നുപറഞ്ഞ് ഒഴിഞ്ഞുമാറി. അത് നടപ്പിലാക്കിയിട്ടില്ല. ഒരു മാസത്തെ പെൻഷൻ തുക ഉത്സവബത്തയായി നൽകുമെന്ന് നിയമസഭയ്ക്കകത്തും പുറത്തും പെൻഷൻ സമൂഹത്തിന് കൊടുത്ത വാഗ്ദാനം പാലിക്കാൻ തയ്യാറാകണം. സർ, മറ്റൊരാവശ്യം പെൻഷൻ പരിഷ്ക്കരണത്തിന്റെ പാകപ്പിഴ പരിഹരിക്കണമെന്ന പെൻഷൻ സമൂഹത്തിന്റെ ആവശ്യം നടപ്പിലാക്കുമെന്ന് ബഹു.മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പെൻഷൻകാർ എമ്പവേർഡ് കമ്മിറ്റിയിൽ നിരവധി മെമ്മോറാണ്ഡങ്ങൾ സമർപ്പിച്ചു. പക്ഷേ ഇതുവരെ ഒരു തീരുമാനവും എമ്പവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടില്ല. പെൻഷൻ പരിഷ്ക്കരണത്തിലെ അപാകതകൾ ഇപ്പോഴും പരിഹരിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുകയാണ്. അതിനൊരു പരിഹാരം ഉണ്ടാക്കണം. 1993-ൽ ധനകാര്യവകുപ്പിലെ ഉന്നതരായ ഉദ്യോഗസ്ഥൻമാർ പെൻഷൻകാരുടെ പ്രതിനിധികളുമായി ചർച്ച നടത്തി തയ്യാറാക്കിയ ക്ഷേമപദ്ധതി വർഷങ്ങൾ ഏഴ് കഴിഞ്ഞിട്ടും ഇത് സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടും നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറായില്ല. പെൻഷൻകാരുടെ ക്ഷേമപദ്ധതി അടുത്തു വരുംതോറും അകന്നുപോകുന്ന ഒരു അവസ്ഥയാണ്. അതുകൊണ്ട് അത് നടപ്പിലാക്കാൻ തയ്യാറാകണം. 1996-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണി തിരുവനന്തപുരത്ത് മെഡിക്കൽ കോളേജാശുപത്രിയിൽവച്ച് ഉൽഘാടനം ചെയ്ത പെൻഷൻകാരുടെ ചികിത്സാ പദ്ധതി ഇപ്പോൾ പെൻഷൻകാർക്ക് നൽകിയത് നാമമാത്രമായ ചികിത്സാ സഹായമാണ്. കെ.എസ്.എസ്.പി.യു. ഉന്നയിച്ച ഏറ്റവും വലിയ ഒരു ആവശ്യം വാർദ്ധക്യത്തിലെത്തിയ നിസ്സഹായരായ പെൻഷൻകാർക്ക് ചികിത്സാ പദ്ധതി വേണമെന്നാണ്. ആ ആവശ്യം 1996-ൽ അംഗീകരിച്ചുകൊണ്ട് ചികിത്സാപദ്ധതി ഉൽഘാടനം ചെയ്തു എങ്കിലും വർഷങ്ങൾ നാലര കഴിഞ്ഞിട്ടും ആ ചികിത്സാപദ്ധതി നടപ്പിലാക്കിയില്ല. പെൻഷൻകാരുടെ പെൻഷൻ വ്യവസ്ഥ ഏകീകരിക്കാൻ ഒരു പെൻഷൻ നിയമം, പെൻഷൻ ബിൽ കൊണ്ടുവന്ന് കേരളത്തിൽ നടപ്പിലാക്കുമെന്ന് ധനകാര്യമന്ത്രി നടത്തിയ പ്രഖ്യാപനം ഒരു ജലരേഖയായി അവശേഷിക്കുകയാണ്. ദയവായി പെൻഷൻകാരെ വീണ്ടും സങ്കടത്തിലേക്ക് തള്ളിവിടാതെ അവർക്കു നൽകിയ ഉറപ്പുകൾ പാലിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇതിൽ നാലു കാര്യങ്ങളാണ് ബഹു.മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അതിൽ ഒന്ന് 1999 ജൂലൈ 21-ന് ഫെസ്റ്റിവെൽ അലവൻസ് എന്ന് പറഞ്ഞ് കൊടുത്തത്. ഒരു മാസത്തെ പെൻഷൻ തുക ഫെസ്റ്റിവെൽ അലവൻസായി കൊടുക്കാമെന്ന ഉറപ്പ് ഞാൻ കൊടുത്തു എന്നാണ് പറഞ്ഞത്. അത് തെറ്റാണ്. നിയമസഭാരേഖയിൽ ഉണ്ടാകും. ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം ബോണസ്സായി കൊടുക്കുന്നതുപോലെ ഒരുമാസത്തെ പെൻഷൻ അവരുടെ ഉത്സവബത്തയായിട്ട് കൊടുക്കാമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് പരിശോധിക്കാം. അത് ഞാൻ ആയിരം പ്രാവശ്യം ആവർത്തിക്കുന്നു. പിന്നെ എന്തു പറഞ്ഞു? ഞങ്ങൾ ഇത്ര രൂപ എന്ന് പറയുന്നതിന് പകരം ഇത്ര ദിവസം എന്നാക്കിത്തരണം എന്നാണ് അവരാവശ്യപ്പെട്ടത്. അത് പരിശോധിക്കാമെന്ന് ഞാൻ പറഞ്ഞതാണ്. ഇത്ര ദിവസത്തെ എന്ന് പറഞ്ഞു കൊടുക്കുമ്പോൾ വരുന്നത് എന്താണെന്നിറയാമോ? ഒന്നോ രണ്ടോ ദിവസമേ വരികയുള്ളൂ. അങ്ങനെ വന്നാൽ അത് വല്ലാത്ത ഡിസ്പാരിറ്റി ആയി തോന്നും. അത് പ്രാക്ടിക്കൽ അല്ല. ഇത്ര കാണ്ടം എന്നതിനുപകരം, രണ്ടു ദിവസത്തെ ആയാലും വേണ്ടില്ല, ഇത്ര ദിവസമെന്ന് പറഞ്ഞാൽ മതിയെന്നായിരുന്നു അവരുടെ ആവശ്യം. അത് മാസത്തിലേക്കുള്ള പോക്കാണെന്ന് നമുക്കറിയാം. അതുകൊണ്ട് അത് ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞു. അത് ദിവസത്തെ എന്നാക്കാൻ പറ്റുമോ? എനിക്ക് എല്ലാ ആസ്പെക്റ്റും അറിയില്ല. അതുകൊണ്ടാണ് ഇത്ര ദിവസത്തെ എന്നാക്കാമെന്ന് ഞാൻ അവർക്കാദ്യം ഉറപ്പു കൊടുത്തത്. പക്ഷേ ഇത്ര ദിവസമെന്നാക്കാൻ കഴിയുകയില്ല. പിന്നെ മറ്റൊന്ന് അനോമലീസാണ്. അനോമലീസ് നിലവിലുണ്ടായിരുന്നതിൽ കുറേ തീർത്തു. നിലവിലുള്ള അനോമലീസ് ഗവൺമെന്റ് പരിശോധിക്കണം. ആ അനോമലീസ് ശരിയാണെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 1993-ൽ ക്ഷേമപദ്ധതി പ്രഖ്യാപിച്ചു. 1993-ൽ മന്ത്രിസഭ ചർച്ചചെയ്തു എന്നു പറയുന്ന ആ ക്ഷേമപദ്ധതി, അത് അവരുടെ ആവശ്യമാണ്. അത് ഞാൻ ഇവിടെ വാഗ്ദാനം ചെയ്തതാണ്. ആ ക്ഷേമപദ്ധതി തമിഴ്നാട് സർക്കാരിന്റെ പെൻഷൻകാർക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപദ്ധതി അതേപടി ഇവിടെ സ്വീകരിക്കാൻ ഒരു സ്കീം തയ്യാറാക്കി ഞാൻ ഉത്തരവിട്ട് മുഖ്യമന്ത്രിയുടെ ഫൈനൽ സാങ്ഷനുവേണ്ടി കൊടുത്തിരിക്കുകയാണ്. So, that is done. ആ ക്ഷേമപദ്ധതി നടന്നു കഴിഞ്ഞു. ആ വാഗ്ദാനം പാലിച്ചിട്ടുണ്ട്. 1996-ൽ മെഡിക്കൽ സഹായത്തിനുള്ള ഒരു സ്കീമുണ്ടായിരുന്നു. അത് ഉൽഘാടനം ചെയ്തു. അത് ഞങ്ങൾ പരിശോധിച്ചപ്പോൾ അത് പ്രായോഗികമല്ലെന്നു മനസ്സിലായി. പിന്നെ 1996-ൽ പ്രഖ്യാപിച്ച ആ ദിവസവും എല്ലാംകൂടി നോക്കിയാൽ അത് അപ്പോൾ പ്രഖ്യാപിക്കേണ്ട സമയത്തു തന്നെയാണ് പ്രഖ്യാപിച്ചത്! നല്ല സമയത്ത് ഒരു കാര്യം ചെയ്തു എന്നു പറഞ്ഞാൽ അതു മോശമാണോ? That is exactly what I said.

<u>ശ്രീ. എ.കെ. ആന്റണി</u> : ഇനി മുതൽ അങ്ങും മറ്റു മന്ത്രിമാരും നടത്തുന്ന പ്രഖ്യാപനങ്ങളെല്ലാം ഇതുപോലെയാണോ? നല്ല സമയത്തു തന്നെയാണോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അങ്ങയുടെ മഹത്തായ പാത തുടരാൻ ഞാനൊക്കെ ആഗ്രഹിക്കുന്നു. ആ പാത മോശമല്ല. അങ്ങ് ഡി.എ പ്രഖ്യാപിച്ചിട്ടു പോകുക. പിന്നെ ഞങ്ങൾ കൊടുക്കുക. ഇതൊക്കെ നല്ല മാർഗ്ഗമാണോ?

<u>ശ്രീ. എ.കെ. ആന്റണി</u> : അന്ന് ഏതായാലും നല്ല ഉദ്ദേശത്തോടുകൂടി തുടങ്ങിയെങ്കിലും ആ പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇനിയങ്ങോട്ട് അങ്ങ് പാത തുടരുമെന്ന് പറഞ്ഞത് അങ്ങ് ഉൾപ്പെടെയുള്ള മന്ത്രിമാരുടെ പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാകില്ല എന്ന് ഇപ്പോൾ അങ്ങ് സമ്മതിക്കുകയല്ലേ? ട്രഷറിയിൽ പണമില്ലാത്തതുകൊണ്ട് നടപ്പിലാക്കാൻ കഴിയുകയില്ലെന്ന് അങ്ങ് പറയുകയല്ലേ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ട്രഷറിയിൽ ബുദ്ധിമുട്ടുണ്ട്. ആരാണ് ട്രഷറി സമൃദ്ധമെന്ന് പറഞ്ഞത്? ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. പക്ഷേ നിങ്ങളുടെ മാതിരി ഏപ്രിൽ മാസത്തിൽ അങ്ങനെ ചെയ്യാൻ ധൈര്യമില്ല. എന്താണ് കാര്യമെന്ന് വച്ചാൽ പിന്നേയും ഞങ്ങൾ തന്നെയാണ് വരുന്നത്. നേരെമറിച്ച് നിങ്ങൾക്കാണെങ്കിൽ കണ്ണുംപൂട്ടി ചെയ്യാമായിരുന്നു. ഇനിയും വരില്ല എന്ന് ഉറപ്പ് ആയിരുന്നു. ആ ഒരു ധൈര്യമെടുക്കാൻ ഞങ്ങൾക്ക് വയ്യ. നമ്മൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ജനങ്ങൾ വിധിയെഴുതാൻ പോകുകയല്ലേ? ഈ തർക്കത്തിന് ഒരു അർത്ഥവുമില്ല. നിങ്ങൾ ചെയ്യുന്നതു പോലെ റാഷ് ആയിട്ട് ചെയ്യാൻ പറ്റുകയില്ല. ഇത് നമ്മൾ തന്നെ കൊടുക്കേണ്ടിവരും. ആ ഒരു ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടാണ് വളരെ പക്വമായിട്ട് പോകുന്നത്. മെഡിക്കൽ സ്കീം നടപ്പിലാക്കാൻ പറ്റുന്ന രീതിയിൽ പ്രായോഗിമായി സമീപനം സ്വീകരിക്കും. It is under preparation. അവർ ഉടനെതന്നെ തയ്യാറാക്കും.

(19) ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ പണി

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ബഹു.വകുപ്പുമന്ത്രി നടപടി സ്വീകരിക്കണം. കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ സാധാരണ നടക്കുന്ന വർക്കുകൾക്ക് വ്യത്യസ്തമായി നിരവധിയായ വർക്കുകൾ പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ ഈ വർക്ക് പൂർത്തിയാക്കാൻ കഴിയാതെ പ്രശ്നം ഉണ്ടായിരിക്കുന്നു. ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കു

LIBRARY ARCHIVES Kerala Legislative Assembly